വി. സി. 14557/18

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി: 22/05/2018

# സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് – ഹരിത കേരളം പദ്ധതി - പച്ചക്കറി വികസന പദ്ധതി 2018-19 - സംബന്ധിച്ച്.

സൂചന: (1) സർക്കുലർ നം. വി.സി.14557/18 തീയതി 05/05/2018
(2) 15/05/2018 ന് വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനം

മേൽ സൂചന പ്രകാരം പച്ചക്കറി വികസന പദ്ധതിയിൽ 42 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കായി വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തന നിർദ്ദേശങ്ങൾ നൽകിയിരുന്നു. 2018 ജൂൺ 5 മുതൽ 10 വരെയുള്ള കാലയളവിലാണ് വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യേണ്ടത്. പ്രസ്തുത പരിപാടി വിജയകരമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർബന്ധമായും അനുവർത്തിക്കേണ്ടതാണ്.

1. വിത്തു പായ്ക്കറ്റുകളുടെ വിതരണോദ്ഘാടനം ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യവും സഹകരണവും ഉറപ്പാക്കി നടത്തേണ്ടതാണ്.
2. സ്കൂളുകളിൽ വിത്തുപായ്ക്കറ്റുകൾ വിതരണം ചെയ്യുമ്പോൾ കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. കൂടാതെ കൃഷി മുറകളെപ്പറ്റിയുള്ള ബോധവത്കരണ ക്ലാസ്സുകൾ നൽകാനും ശ്രദ്ധിക്കേണ്ടതാണ്.
3. വിത്തുപായ്ക്കറ്റുകൾ വിതരണം നടത്തുന്ന സ്കൂളുകളിൽ പദ്ധതിയെ സംബന്ധിച്ച കൃഷി വകുപ്പിന്റെ ബാനർ ഉണ്ടാകേണ്ടതാണ്. ബാനറിന്റെ മാതൃക ഇതോടൊപ്പം നൽകുന്നു.

4. സ്കൂളുകളിൽ വിത്ത് വിതരണം ചെയ്തതിന്റേയും വിളവുൾപ്പെടെ മറ്റു കാർഷിക പ്രവർത്തനങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയതിനുള്ള ചുമതല സ്കൂളിൽ പദ്ധതിയുടെ ചുക്കാൻ പിടിക്കുന്ന അദ്ധ്യാപനെ ഏൽപ്പിക്കാവുന്നതാണ്.

5. പദ്ധതി നടത്തിപ്പിനുശേഷം, പൂർണ്ണവിളവെടുപ്പ് ഉൾപ്പെടെയുള്ള അന്തിമ റിപ്പോർട്ട് ഒക്ടോബർ 10 -)ം തീയതിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

കൃഷി ഡയറക്ടർ

Senior Agricultural Officer(vc)
Directorate of AD & FWD
Vikas Bhavan Tvpm-33

To

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. പി.ഡി. ആത്മ
3. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ

**കോപ്പി ടു:-**

1. സി.എ. യുടെ പക്കൽ കൃഷി ഡയറക്ടർക്ക്
2. എല്ലാ അഡീഷണൽ ഡയറക്ടർമാരുടെയും സി.എ.
3. സി.എ. ടു കൃഷി ജോയിന്റ് ഡയറക്ടർ (വിസി)
4. പ്ലാനിംഗ് സെക്ഷൻ
5. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്. ഐ.ബി.
6. ഐ.റ്റി. സെൽ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
7. എസ്. ഡബ്യൂ. സെക്ഷൻ

S

**2018 ജൂൺ 5**
**ലോക പരിസ്ഥിതി ദിനം**

സംസ്ഥാന കൃഷിവകുപ്പ്
പച്ചക്കറി വികസന പദ്ധതി 2018 – 19

ഓണത്തിനൊരുമുറം
പച്ചക്കറി



## ഹരിതകേരളം മിഷൻ

സുജലം സുഫലം



# വിദ്യാർത്ഥികൾക്കുള്ള
# പച്ചക്കറി വിത്ത് വിതരണം



സ്കൂൾ :.................................................

പഞ്ചായത്ത് :...................................... ജില്ല :......................................